# പതിനാലാം കേരള നിയമസഭ
# (പതിനൊന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2637 18.06.2018-ൽ മറുപടിയ്ക്ക്**

**വർക്കല എസ്സ്.എൻ. മെഡിക്കൽസ്-പ്ലാവിള എക്സ്ചേഞ്ച് റോഡ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. ജോയി | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) വർക്കല നഗരസഭയിലെ എസ്സ്.എൻ. മെഡിക്കൽസ്-പ്ലാവിള എക്സ്ചേഞ്ച് റോഡിന്റെ നിലവാരം ഉയർത്തുന്നതിനായി ഭരണാനുമതി നല്കിയതും, പ്രവൃത്തി ആരംഭിച്ചപ്പോൾ സ്വകാര്യ വ്യക്തി തർക്കം ഉന്നയിക്കുകയും ചെയ്ത വിഷയത്തിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | എ) വർക്കല നഗരസഭയിലെ എസ്.എൻ. മെഡിക്കൽസ് – പ്ലാവിള എക്സ്ചേഞ്ച് റോഡിന്റെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് പ്രദേശവാസിയായ സുകേന്ദു.എസ് എന്നയാൾ തർക്കം ഉന്നയിക്കുകയും WP(C) No. 25948/2015(P) നമ്പരായി ബഹു: ഹൈക്കോടതിയിൽ റിട്ട് ഹർജി ഫയൽ ചെയ്യുകയും ചെയ്തു. ടി ഹർജിയിൽ 05/04/2016-ന് ഹൈക്കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ തൽസ്ഥിതി തുടരുന്നതിന് നിർദ്ദേശിച്ചതിനാൽ പ്രവൃത്തി മുന്നോട്ടുകൊണ്ടുപോകൻ സാധിച്ചിട്ടില്ല. ടി കേസിൽ നഗരസഭ സെക്രട്ടറി, പ്രദേശവാസികളായ രണ്ടുപേർ എന്നിവരാണ് എതിർകക്ഷികൾ. കേസിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് കക്ഷിയല്ലാത്തതിനാൽ, വിഷയം പരിഹരിക്കണമെന്ന് നഗരസഭയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ഹൈക്കോടതിയിൽ സത്യവാങ്മൂലം നല്കിയിട്ടുണ്ടോ; വിശദമാക്കാമോ? | ബി) WP(C) No. 25948/2015 നമ്പർ കേസിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് കക്ഷിയല്ല. ആയതിനാൽ ടി കേസിൽ സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല. ടി പ്രവൃത്തി പൂർത്തിയാക്കണമെന്ന് ആവശ്യമുന്നയിച്ച് പ്രദേശവാസിയായ ശ്രീ. ഷാനവാസ് എന്നയാൾ WP(C) No. 5214/17 നമ്പരായി ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്തിട്ടുണ്ട്. ടി കേസിൽ സത്യവാങ്മൂലം 15/03/2017-ൽ അഡ്വക്കേറ്റ് ജനറലിന് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ